# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പ്രവേശനത്തിനുള്ള (CAT-MGU) 2019-20 പി.എച്ച്.ഡി അഭിരുചി പരീക്ഷ (WAT)2019-20 - പ്രവേശന നടപടികളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക ബി VII സെക്ഷൻ**

നമ്പർ :748/3/ഏസിബി VII/2019/അക്കാദമികം തീയതി : പി ഡി ഹിൽസ് 15 /02/2019

---

പരാമർശം :1)2019 ജനുവരി മാസം 7-)0 തീയതി രാവിലെ 11-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ അക്കാദമിക് അഫയേഴ്സ് ഉപസമിതിയുടെ ഇനം നം.182444 നടപടിക്രമങ്ങളുടെ ചുരുക്കം.

2)സ.ഉ.നം.747/03/ഏസിബി VII/2019/അക്കാദമികം തീയതി 15/02/2019.

3)സിൻഡിക്കേറ്റ് അംഗം ഡോ.ആർ പ്രഗാഷ് പരാമർശം (2) പ്രകാരം കൺവീനർ ആയി 2019 ജനുവരി 10 ന് വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ 04.00 പി.എം. ന് ചേർന്ന അഡ്മിഷൻ ഫസിലിറ്റേഷൻ ഉപസമിതിയുടെ നടപടിക്രമം, 22/01/2019 ൽ കൂടിയ സിൻഡിക്കേറ്റ് ഐറ്റം നമ്പർ OA 26/19.01 ആയി അംഗീകരിച്ചത്.

4)സർവ്വകലാശാലയുടെ പഠനവകുപ്പകളിലേക്കും ഇന്റർസ്കൂൾ സെന്ററിലേക്കുമുള്ള 2019 വർഷത്തെ പി.ജി പൊതുപ്രവേശന പരീക്ഷയെയും പി.എച്ച്.ഡി അഭിരുചി പരീക്ഷയെയും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സിൻഡിക്കേറ്റ് അംഗം ഡോ.ആർ.പ്രഗാഷ് കൺവീനറായുള്ള ഉപസമിതിയും പഠനവകുപ്പമേധാവികളും 7/2/2019 02.00 പി.എം ന് വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (3) പ്രകാരം കൂടിയ അഡ്മിഷൻ ഫസിലിറ്റേഷൻ ഉപസമിതി യുടെ ശുപാർശകൾ 22/01/19 ൽ ചേർന്ന സിൻഡിക്കേറ്റ് ഐറ്റം നമ്പർ OA 26 /19.01 ആയി അംഗീകരിച്ചു. എന്നാൽ ഈ തീരുമാനങ്ങൾ ഉത്തരവിറക്കി നടപ്പാക്കുന്നതിനായി ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ സിൻഡിക്കേറ്റ് അംഗം ഡോ.ആർ പ്രഗാഷ് കൺവീനറായുള്ള ഉപസമിതിയും പഠനവകുപ്പമേധാവികളും മേൽ പരാമർശം (4) പ്രകാരം താഴെ പറയുന്ന ശുപാർശകൾ നൽകുകയും ഇത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1) സർവ്വകലാശാല പഠന വകുപ്പുകളിലെ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള CAT-MGU പരീക്ഷയും പി.എച്ച്.ഡി പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷ WAT ഉം ദേശിയ തലത്തിൽ ഒരേ ദിവസം പരീക്ഷ നടത്തുന്നതാണ്.

2) പി.ജി കോമൺ അഡ്മിഷൻ പരീക്ഷ, പി.എച്ച്.ഡി അഭിരുചി പരീക്ഷ എന്നിവയ്ക്ക് കേരളത്തിനകത്ത് തിരുവനന്തപുരം,കോട്ടയം,കൊച്ചി,കോഴിക്കോട് എന്നിവിടങ്ങളിലും കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലും പരീക്ഷ കേന്ദ്രങ്ങൾ ഉണ്ടാകുന്നതാണ് .

3) കോമൺ അഡ്മിഷൻ പരീക്ഷ, അപേക്ഷ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് 500/-രൂപയും ആയിരിക്കുന്നതാണ്.

4) 2019-20 വർഷത്തെ കോമൺ അഡ്മിഷൻ പരീക്ഷ ഓഫ്ലൈൻ രീതിയിൽ നടത്തേണ്ടതാണ്.

(മറുപുറം)

5) കോമൺ അഡ്മിഷൻ പരീക്ഷയിലൂടെ തയ്യാറാക്കുന്ന വിവിധ പി.ജി പ്രോഗ്രാമുകളിലെ റാങ്ക് ലിസ്റ്റിൽ മുന്നിൽ വരുകയും പഠന വകുപ്പുകളിൽ പ്രവേശനം നേടുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക്. (ആദ്യ മൂന്ന് സ്ഥാനം) സ്കോളർഷിപ്പ് ഏർപ്പെടുത്തണം.

6) സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പികളിലെ അഡ്മിഷൻ പ്രക്രിയയുടെയും നിലവിലുള്ള പ്രോഗ്രാമുകൾക്കുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെയും ചെലവ് നേരിടുന്ന രീതിയിൽ പുതിയതായി പ്രവേശനം നേടുന്ന വിദ്യാർഥികളുടെ ഫീസ് ഘടന പരിഷ്കരിക്കണം.

7) സർവ്വകലാശായിലെ ക്യാമ്പസിനകത്തെ ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളും,അച്ചടക്കവും ഉറപ്പാക്കണം.

8) അഖിലേന്ത്യാ ക്വാട്ടയ്ക്കായി ഓരോ പഠനവകുപ്പും പരമാവധി 20% സീറ്റ് വർദ്ധനവ് വരുത്താവുന്നതാണ്. അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനത്തിന് കേരളത്തിന് പുറത്തുള്ള അപേക്ഷകർ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അതാതു സംസ്ഥാനത്തെ ബന്ധപ്പെട്ട അധികാരികൾ നൽകിയിട്ടുള്ളത് ഹാജരാക്കേണ്ടതാണ്. അപ്രകാരം അപേക്ഷകരില്ലെങ്കിൽ പ്രസ്തുത ക്വാട്ട റദ്ദാക്കുന്നതാണ്. അഖിലേന്ത്യാ ക്വാട്ടയ്ക്ക് സംവരണം ബാധകമായിരിക്കുന്നതല്ല.

9) പ്രവേശന പരീക്ഷ സംബന്ധിച്ച പത്രപരസ്യം കേരളത്തിൽ മുൻവർഷത്തെ പോലെയും കേരളത്തിന് പുറത്ത് 4 ഇംഗ്ലീഷ് ദേശീയ ദിനപത്രങ്ങളിലും ഒരു ഹിന്ദി ദിനപത്രത്തിലും ചെറിയ രീതിയിൽ സർവ്വകലാശാലയുടെ വെബ്സൈറ്റ് അഡ്രസ്സ് നൽകികൊണ്ട് ചെയ്യേണ്ടതാണ്.

10) 2 മണിക്കൂർ ദൈർഘ്യമുള്ള പ്രവേശന പരീക്ഷയിൽ ഒരു മാർക്ക് വീതമുള്ള 80 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉണ്ടാകുന്നതാണ് പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

11) 20 മാർക്കിനുള്ള ഇന്റർവ്യൂ / ഗ്രൂപ്പ് ഡിസ്കഷൻ / വിവരണാത്മക പരീക്ഷ, ആവശ്യമുള്ള പഠനവകുപ്പുകൾക്ക് നടത്താവുന്നതും അത് സംബന്ധിച്ച തീരുമാനം ഉടനെ അസിസ്റ്റന്റ് രജിസ്ട്രാർ IV(അക്കാദമിക്) നെ അറിയിക്കേണ്ടതുമാണ്. യൂണിവേഴ്സിറ്റി ക്യാറ്റ് വിഭാഗം എൻട്രൻസ് പരീക്ഷ നടത്തി ഫലം അതാത് പഠനവകുപ്പുകളിലേക്ക് കൈമാറുകയും അതാത് പഠനവകുപ്പുകൾ ജി.ഡി/ഇന്റർവ്യൂ/വിവരണാത്മക പരീക്ഷ ഇവയുടെ മാർക്കുകൾ, ആവശ്യമായ വെയ്റ്റേജുകൾ കൂടി ചേർത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായി സംവരണക്രമം പാലിച്ചുകൊണ്ട് പ്രവേശനനടപടികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

12) ഓരോ പഠനവകുപ്പ് മേധാവിയും പ്രവേശനപരീക്ഷയുടെ പ്രോസ്പെക്ടസ്സിൽ ഉൾപ്പെടുത്തേണ്ട അംഗീകരിക്കപ്പെട്ട പ്രോഗ്രാമുകളും അവയ്ക്കുള്ള എലിജിബിലിറ്റി, സീറ്റുകളുടെ എണ്ണം, ജി.ഡി./ ഇന്റർവ്യൂ/ വിവരാത്മക പരീക്ഷ, പ്രോഗ്രാമിന്റെ ജോലിസാദ്ധ്യത മുതലായവ വിശദമായി കാണിച്ചുള്ള സോഫ്റ്റ്കോപ്പിയും, ഹാർഡ്കോപ്പിയും ഡോ.ജെ.ജി റേ (എസ്.ബി.എസ്) , ഡോ.എം.എച്ച്.ഇലിയാസ് (എസ്.ജി.റ്റി.ഡി.എസ് ) എന്നിവർക്ക് 18/2/19 ന് മുൻപായി നൽകേണ്ടതാണ്.പി.എച്ച്.ഡി വേക്കൻസി പൊസിഷനും ഇതിനോടൊപ്പം അറിയിക്കേണ്ടതാണ്.

6) വിവിധ പഠന വകുപ്പുകളിലെ സമാനസ്വഭാവമുള്ള പ്രോഗ്രാമുകൾക്കായി ഒരു ചോദ്യപേപ്പർ ഉപയോഗിച്ചുള്ള പരീക്ഷ നടത്തി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനെ സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട പഠന വകുപ്പ് മേധാവികൾ ഡോ .ജെ.ജി റേ യെ അറിയിക്കേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്കായി ഓരോ പഠന വകുപ്പ് മേധാവിയും 400 ചോദ്യങ്ങളും അവയുടെ 4 വീതം ഉത്തരങ്ങളുടെ ഓപ്ഷനുകളും തയ്യാറാക്കി ചുമതലപ്പെടുത്തുന്ന നോഡൽ ഓഫീസർക്ക് മാർച്ച് 9 ന് മുൻപായി നൽകേണ്ടതാണ്.ചോദ്യങ്ങൾ തയ്യാറാക്കുന്നതിനുള്ള മാർഗനിർദേശം ഡോ.ജെ.ജി റേ നൽകുന്നതാണ്.

13) അടുത്ത പ്രവേശന പരീക്ഷ മുതൽ ക്വസ്റ്റൻപേപ്പർ സെറ്റിങ് പരീക്ഷ കോൺട്രോളറുടെ ചുമതലയിൽ നടത്തേണ്ടതാണ്.

14) കേരളത്തിന് പുറത്തുള്ള പരീക്ഷ കേന്ദ്രങ്ങൾക്കായി കേന്ദ്രീയ വിദ്യാലയങ്ങൾ ലഭ്യമാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുവാനായി ഡോ.എം.എച്ച് ഇലിയസിനെ(എസ്.ജി.റ്റി.ഡി.എസ്) ചുമതലപ്പെടുത്തി.

15) പ്രവേശന പരീക്ഷയുടെ വിജ്ഞാപനം 22/2/19 ന് പുറപ്പെടുവിക്കാനും CAP വഴി ഡിഗ്രി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഫോൺ മെസ്സേജ് വഴി പ്രവേശനപരീക്ഷയെ സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്.

16)CAT MGU പ്രവേശന പരീക്ഷയും, പി.എച്ച്.ഡി അഭിരുചി പരീക്ഷയും (WAT) 27/04/2019(ശനി),28/04/2019(ഞായർ) ദിവസങ്ങളിൽ നടത്തേണ്ടതാണ്.

17) CAT 2019 പരീക്ഷയുടെ നോഡൽ ഓഫീസറായി ശ്രീ. സാബു തോമസ്, ജോയിന്റ് രജിസ്ട്രാർ II (ഭരണവിഭാഗം) ത്തെ നിയമിച്ചു.

18)വ്യത്യസ്ത പ്രവേശന പരീക്ഷ എഴുതേണ്ടിവരുന്ന വിവിധ പഠന വകുപ്പുകളിലെ പ്രോഗ്രാമുകൾക്ക് ഒരേ അപേക്ഷ ഉപയോഗിക്കാവുന്നതാണ്.ഒരു അപേക്ഷയിൽ പരമാവധി നാല് പ്രോഗ്രാമ്മുകൾക്ക് വരെ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.ഓരോ പരീക്ഷയ്ക്കും പ്രത്യേകം അപേക്ഷ ഫീസ് ഒടുക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഒപ്പ്)
ബൈജു എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ IV(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ പഠനവകുപ്പ് മേധാവിമാർക്കും
2. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ,പരീക്ഷാ കൺട്രോളർ, എന്നിവരുടെ പി.എ.മാർ
4. സി.എസ്.എസ് കൺവീനർ/ഐ.ക്യു.എ.സി ഡയറക്ടർ
5. എ.ഡി.ബി 7/എ.സി.എ 5/ കണ്ടന്റ് മാനേജ്മന്റ് വിഭാഗം, ഡയറക്ടർ (യു.സി.ഐ.സി),ഫിനാൻസ് ഓഫീസറുടെ പി.എ ,എ.സി.എ 2, എ.സി .എ 11, പി.ആർ.ഒ.
6. ഇ.ബി 10 (പി.എച്ച്.ഡി വാറ്റ് പരീക്ഷ സംബന്ധിച്ച തുടർനടപടികൾക്കായി)
7. എ.സി.എ 10 (പി.എച്ച്.ഡി വേക്കൻസി പൊസിഷൻ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി)
8. എ.സി.എ 1 (സർവ്വകലാശാല പഠന വകുപ്പുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ഫീസ് ഘടന പരിഷ്കരണം )
9. ശ്രീ.അനീഷ് കുമാർ , വി.സി സെക്ഷൻ (ക്യാപ് വഴി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഫോൺ മെസ്സേജ് വഴി പ്രവേശന പരീക്ഷയെ സംബന്ധിച്ച അറിയിപ്പ് ലഭ്യമാക്കുന്നതിലേക്കായി).
10. എ.സി.എ 6 (സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്)
11. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം),ഡെപ്യൂട്ടി രജിസ്ട്രാർ III (അക്കാദമിക്) അസിസ്റ്റൻറ് രജിസ്ട്രാർ 1,11,111,1V(അക്കാദമിക്), അസിസ്റ്റൻറ് രജിസ്ട്രാർ 21 (പരീക്ഷ)
12. ഏസി.സി. സെക്ഷൻ,എ.സി.ബി 6,സി.ഐ.റ്റി.എ.ഡി/ഡോ.ജെ.ജി റേ(എസ്.ബി.എസ്)
13. സ്റ്റോക് ഫയൽ/ റെക്കോർഡ്സ്/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No: AcBVII/1/6365/2018